LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്ന പൊതു ആവശ്യമുന്നയിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നിരവധി മാനേജർമാർ ഫയൽ ചെയ്ത WP(C)3060/15, WP(C)10896/15 തുടങ്ങിയ നിരവധി ഹർജികളിൽ 18-6-2015-ന് ബഹുമാനപ്പെട്ട ഹൈക്കോടതി പൊതുവിധി പുറപ്പെടുവിച്ചിട്ടുണ്ട്, പ്രസ്തുത വിധിയിൽ സ്കൂൾമാപ്പിംഗ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും അതിനനുസൃതമായി അപേക്ഷ ക്ഷണിക്കുവാനുള്ള മാനദണ്ഡങ്ങൾ രൂപവത്ക്കരിക്കുവാനും നിർദ്ദേശിച്ച ഇക്കാര്യത്തിൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ പ്രസ്തുത വിധിക്കെതിരെ മാനേജർമാർ സുപ്രീംകോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ ഇനിയും വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ പ്രമതി എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ട്രസ്റ്റ് ഫയൽ ചെയ്ത WP(C)416/12 നമ്പർ ഹർജിയിൽ 6-5-2014-ന് പുറപ്പെടുവിച്ച വിധിയിൽ മൈനോറിറ്റി സ്കൂളുകളെ ആർ.റ്റി.ഇ. ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിധി സർക്കാർ പരിശോധിച്ചുവരുന്നു.

അദ്ധ്യാപകരുടെ ഒഴിവ് നികത്താൻ നടപടി

103 (1180) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ എൽ.പി. മുതൽ ഹയർസെക്കണ്ടറി വരെയുള്ള വിഭാഗങ്ങളിൽ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ ഈ അദ്ധ്യയന വർഷാരംഭത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(ബി) ഇതേവരെ പ്രസ്തുത ഒഴിവുകൾ മുഴുവൻ നികത്താൻ കഴിയാത്തതെന്തു കൊണ്ടാണെന്ന് പറയാമോ;

(സി) പൊതുപരീക്ഷാ തീയതി വരെ വിജ്ഞാപനം ചെയ്തിരിക്കുന്ന സാഹചര്യത്തിൽ അദ്ധ്യാപകരുടെ ഒഴിവുകൾ പൂർണ്ണമായും നികത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എ. തസ്തികയിൽ 8 ഒഴിവുകൾ നിലനിൽക്കുന്നുണ്ട്. ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) എച്ച്.എസ്.എ. തസ്തികയിൽ 3 ഒഴിവിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്. 2015-16 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയാകുന്ന മുറയ്ക്കേ ബാക്കി ഒഴിവുകളിൽ സ്ഥിരനിയമനം നടത്താൻ കഴിയൂ.

(സി) എച്ച്.എസ്.എ. തസ്തികയിലെ ഒഴിവുകളിലേയ്ക്ക് ദിവസവേതനാടി സ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും ഹയർ സെക്കണ്ടറിയിലും കൊമേഴ്സ് അദ്ധ്യാപകരുടെ നിയമനം

104 (T* 1181) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും ഹയർ സെക്കന്ററിയിലും കൊമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ, സീനിയർ) എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഒഴിവുകൾ എൻ.ജെ.ഡി. ആയും അല്ലാതെയും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) റാങ്ക് ലിസ്റ്റിലുള്ള (മെയിൻ ലിസ്റ്റ്) മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) അഡ്വൈസ് അയച്ചിട്ടും ജോയിൻ ചെയ്യാത്തവ ജൂനിയർ/സീനീയർ (കോമേഴ്സ്) ടീച്ചർമാരുടെ കണക്ക് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ കൂടി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ നിലവിൽ ഒഴിവുകൾ ഒന്നുമില്ല. ഹയർ സെക്കണ്ടറിയിൽ കൊമേഴ്സ് വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) 110 ഒഴിവുകളും, എച്ച്.എസ്.എസ്.റ്റി. (സീനിയർ) 15 ഒഴിവുകളുമുണ്ട്.

* "T നാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly